ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ.**DTETVM/10317/2024-EG3 (EG)** തീയതി: **19-11-2024**

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - എസ്റ്റാബ്ലിഷ്മെൻറ് (ഗ്രഡേഷൻ) - **2024** വർഷത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് / അക്കൌണ്ട്സ് ഓഫീസർ തസ്തികകളിലേക്ക് നിയമനത്തിന് യോഗ്യരായ ജീവനക്കാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്ന അഡ്ഹോക് വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റി (ഹയർ) മുമ്പാകെ സമർപ്പിക്കുന്നതിനുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :- **22/10/2024** ലെ ഇ ഓഫീസിലെ ഇഡി**1/8150/24**/ഡിടിഇ നമ്പർ ഉത്തരവ്.

ഈ വകുപ്പിൽ **2024** വർഷത്തിൽ പ്രതീക്ഷിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ്, അക്കൌണ്ട്സ് ഓഫീസർ തസ്തികകളിലേക്ക് നിയമനത്തിന് യോഗ്യരായ ജീവനക്കാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്ന അഡ്ഹോക് വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റി (ഹയർ) മുമ്പാകെ സമർപ്പിക്കുന്നതിനുള്ള ഫീൽഡ് ഓഫ് ചോയ്സിൽ ഉൾപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുള്ള താഴെ പറയുന്ന ജീവനക്കാർ, നാളിതുവരെ ഉള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും (സ്വയം വിലയിരുത്തൽ സഹിതം) വകുപ്പ് തല പരീക്ഷകൾ വിജയിച്ചതിൻറെ (അക്കൌണ്ട് ടെസ്റ്റ് - ഹയർ / ലോവർ) സർട്ടിഫിക്കറ്റുകളും നിലവിൽ സേവനമനുഷ്ഠിക്കുന്ന തസ്തികയിൽ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പുകളും **25/11/2024** നകം ഈ ഓഫീസിൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു.

**22/10/2024** ലെ ഇ ഓഫീസിലെ ഇഡി**1/8150/24**/ഡിടിഇ നമ്പർ ഉത്തരവ്.

**<u>അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ്</u>**

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | നിലവിലെ തസ്തിക |
|---|---|---|
| 1 | ദീപ്തി എം ഐ | അക്കൌണ്ട്സ് ഓഫീസർ |
| 2 | സോഫിയ ബീഗം ഇ | അക്കൌണ്ട്സ് ഓഫീസർ |
| 3 | വിൻസെൻറ് ജോൺ | അക്കൌണ്ട്സ് ഓഫീസർ |

**<u>അക്കൌണ്ട്സ് ഓഫീസർ</u>**

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | നിലവിലെ തസ്തിക |
|---|---|---|
| 1 | കൃഷ്ണരാജ് ആർ കെ | സീനിയർ സൂപ്രണ്ട് |
| 2 | വി വി രാജേന്ദ്രൻ | സീനിയർ സൂപ്രണ്ട് |
| 3 | മുഹമ്മദ് സമീർ എസ് | സീനിയർ സൂപ്രണ്ട് |
| 4 | ഗോപകുമാർ ബി | സീനിയർ സൂപ്രണ്ട് |
| | | |

| | | |
|---|---|---|
| 5 | സീന എലിസബത്ത് ജെ | സീനിയർ സൂപ്രണ്ട് |

അക്കൌണ്ട്സ് ഓഫീസറുടെ ഫീൽഡ് ഓഫ് ചോയിസിൽ ഉൾപ്പെടുത്തുന്നതിനായുള്ള മേൽ പട്ടികയിലെ ക്രമ നമ്പർ **1** മുതൽ **2** വരെ ഉൾപ്പെട്ടിട്ടുള്ളവർ നിലവിലെ ഈ കാര്യാലയത്തിലെ രേഖകൾ പ്രകാരം അക്കൌണ്ട് ടെസ്റ്റ് (ലോവർ) മാത്രമേ പാസ്സായിട്ടുള്ളൂ. ഇവർ നിലവിൽ അക്കൌണ്ട് ടെസ്റ്റ് (ഹയർ) പാസ്സായിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം **25/11/2024** നകം സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ജീവനക്കാരിൽ ആരെങ്കിലും ഉദ്യോഗക്കയറ്റം/ നിയമനം താത്കാലികമായോ / സ്ഥിരമായോ പരിത്യജിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ പ്രസ്തുത വിവരം നിശ്ചിത മാതൃകയിൽ തയ്യാറാക്കി സ്ഥാപനമേധാവി മുഖാന്തിരം മേൽപ്പറഞ്ഞ തീയതിക്കകം സമർപ്പിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ജീവനക്കാർ സർപ്പിച്ചിട്ടുള്ള / സമർപ്പിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ശേഖരിച്ച് ക്രോഡീകരിച്ച് ആവശ്യമായ പരിശോധനകൾ നടത്തി വ്യവസ്ഥാനുസരണം റിവ്യൂ ചെയ്യിച്ച് ആവശ്യപ്പെടുന്ന മുറക്ക് EG സെക്ഷനിലേക്ക് നൽകുവാൻ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റൻറിനോട് നിർദ്ദേശിക്കുന്നു.

**Sunilkumar C V**

**SENIOR ADMINISTRATIVE OFFICER**

സ്വീകർത്താവ്

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം)
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റൻറിന് (ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി)
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

Signed by
Sunilkumar C V
Date: 19-11-2024 13:47:43